



**ഹോളണ്ടിൽ നിന്നും**
**ബെൽജിയത്തിലേക്കുള്ള അതിർത്തി**
**സൈക്കിളിൽ മുറിച്ചുകടന്നതിന്റെ**
**രസകരമായ അനുഭവം വിവരിക്കുന്നു**
**രാജു റാഫേൽ**

# അതിർത്തികളില്ലാത്ത രാജ്യങ്ങൾ

**ഒൻപതുമണി** ആയപ്പോഴേക്കും ഞാൻ യൂണിവേഴ്സിറ്റി നഗരമായ യൂട്രെക്കിലെത്തി. ബുസ്സുമിൽ നിന്നും നാൽപത് കിലോമീറ്റർ അകലെയാണ് യൂട്രെക്ക്. നാൽപത് കിലോമീറ്റർ പിന്നിടാൻ ഏതാണ്ട് മൂന്ന് മണിക്കൂർ എടുത്തിരിക്കുന്നു. ഇനിയും നൂറ് കിലോമീറ്റർ അകലെയാണ് നെതർലാന്റ് - ബെൽജിയം അതിർത്തി. നാല് മണിയോടെ അതിർത്തി കടന്ന് വൈകുന്നേരത്തെ മഞ്ഞ് വീഴ്ച ശക്തമാകുമ്പോഴേക്കും ബെൽജിയത്തിലെ ബ്രെച്ച് എന്ന സ്ഥലത്ത് എത്തണം. അവിടെയാണ് ഇന്ന് എന്റെ താമസം. സൈക്കിൾ യാത്രക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'വ്രിൻഡെൻ ഓപ് ഡെ ഫെയറ്റ്സ്' (സൈക്കിൾ ചങ്ങാതിക്കൂട്ടം) എന്ന സംഘടനയാണ് ബെൽജിയത്തിൽ എനിക്ക് താമസസ്ഥലം ഏർപ്പാട് ചെയ്തിരിക്കുന്നത്. പ്രാതലടക്കം വാടക 19 യൂറോ മാത്രം. സൈക്കിൾ പ്രേമിയും സംഘടനയിലെ അംഗവുമായ ആരെങ്കിലുമായിരിക്കും എന്റെ അതിഥേയൻ എന്ന് മാത്രമേ അറിയൂ. അതിർത്തി കടന്ന് ബെൽജിയത്തിലേക്ക് പ്രവേശിക്കുമ്പോൾ തന്നിരിക്കുന്ന നമ്പറിൽ വിളിച്ചാൽ താമസസ്ഥലത്ത് എത്തിച്ചേരാനുള്ള നിർദ്ദേശങ്ങൾ ലഭിക്കും. ഇത്തരത്തിലുള്ള 3450 താമസ സ്ഥലങ്ങളാണ് സൈക്കിൾ സൗഹൃദ സമിതിയുടെ ശൃംഖലയിൽ ഹോളണ്ടിലും ബെൽജിയത്തിലുമായി ഉള്ളത്. സംഘടനയിലെ അംഗങ്ങളുടെ വീടുകളിൽ തന്നെയാണ് സൈക്കിൾ യാത്രക്കാർക്ക് താമസ - ഭക്ഷണ സൗകര്യം ഒരുക്കുന്നത്. അതും തുച്ഛമായ നിരക്കിൽ. ഒരു രാത്രി ചെറിയൊരു ഹോട്ടലിൽ താമസിക്കണമെങ്കിൽപോലും ചുരുങ്ങിയത് 100 യൂറോയെങ്കിലും വേണം. ഇതിപ്പോൾ 19 യൂറോയ്ക്ക് നമ്മളെപ്പോലെ സൈക്കിൾ യാത്ര ഇഷ്ടപ്പെടുന്ന ഒരാളുടെ അതിഥിയാകാം.

1986 ലാണ് സൈക്കിൾ ചങ്ങാതിക്കൂട്ടം ഹോളണ്ടിൽ പ്രവർത്തനം ആരംഭിച്ചത്. സൈക്കിൾ യാത്രക്കാർക്ക് വലിയ ചെലവില്ലാതെ സുരക്ഷിതമായി ഒരു രാത്രിയിലേക്ക് തലചായ്ക്കാൻ ഒരിടം നൽകുക, ഒപ്പം ഒരേ തൂവൽ പക്ഷികൾ എന്ന നിലയിൽ, കഴിയുന്ന മറ്റ് സഹായങ്ങളും - ഇതാണ് സംഘടനയുടെ പ്രവർ

ത്തന രീതി. ബെൽജിയത്തിലെ സൈക്കിൾ പ്രേമികളും കൂടി അംഗങ്ങളായതോടെ പ്രവർത്തനം ആരംഭിച്ച് ഏതാനും നാളുകൾക്കുള്ളിൽ തന്നെ ഹോളണ്ടിലും ബെൽജിയത്തിലുമായി ശക്തമായ നെറ്റ്‌വർക്ക് ഉണ്ടാക്കാൻ സംഘടനക്ക് കഴിഞ്ഞു. ഇപ്പോൾ ഇറ്റലി, നോർവെ, ഡെൻമാർക്ക്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലും ഈ സംഘടനയുടെ ശൃംഖലയിൽ പെട്ട താമസ സ്ഥലങ്ങളുണ്ട്. ജോലിയുടെയും വ്യാപാരത്തിന്റെയും ഭാഗമായി ഈ രാജ്യങ്ങളിൽ താമസിക്കുന്ന ഡെച്ചുകാർ തന്നെയാണ് ചങ്ങാതിക്കൂട്ടത്തിന് വേണ്ടി ഇങ്ങനെ താമസസ്ഥലം സൗജന്യ നിരക്കിൽ സൈക്കിൾ യാത്രികർക്ക് നൽകുന്നത് . പണത്തിന് വേണ്ടിയല്ല, സൈക്കിളിനോടുള്ള ഒരു സ്നേഹപ്രകടനം ആണത്! എട്ട് യൂറോ സംഭാവന നൽകുന്ന ഏത് സൈക്കിൾ പ്രേമിക്കും സംഘടനയിലെ അംഗമാകാം. അംഗങ്ങൾക്ക് മാത്രമേ ശൃംഖലയിൽ കണ്ണികളായ താമസ സ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിയൂ എന്നതിനാൽ ഞാനും കഴിഞ്ഞ ദിവസം സൈക്കിൾ സൗഹൃദ സമിതിയിലെ അംഗത്വം എടുത്തിരുന്നു. ചങ്ങാതിക്കൂട്ടത്തിന്റെ ശൃംഖലയിൽ ഉൾപ്പെട്ട താമസ സ്ഥലങ്ങളുടെ അഡ്രസ്സും അവിടേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഫോൺ നമ്പറുകളുമൊക്കെ ഉൾപ്പെട്ട ഒരു ഡയറക്ടറി അംഗത്വമെടുക്കുമ്പോൾ ലഭിക്കും. എനിക്കുള്ള ഡയറക്ടറി ഇന്നലെ തന്നെ എന്റെ താമസ സ്ഥലത്തേക്ക് തപാലിൽ അയച്ചിട്ടുണ്ടത്രേ. പക്ഷേ അതു കിട്ടാൻ ഇനിയും രണ്ട് മൂന്ന് ദിവസം എടുക്കും. തൽക്കാലം എന്റെ കയ്യിലുള്ളത് ഏതാനും ഫോൺ നമ്പറുകൾ മാത്രം.

സൈക്കിളിന്റെ സ്വർഗ്ഗ ഭൂമിയായ ഹോളണ്ടിൽ സർക്കാരും സൈക്കിൾ യാത്രക്കാർക്കായി നിരവധി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സൈക്കിൾ നെറ്റ് വർക്കിങ്ങ് എന്ന പദ്ധതിയുടെ കീഴിൽ പ്രധാന സൈക്കിൾ പാതകളിലെല്ലാം ഫെയറ്റ് റൂട്ടുകളുടെ വിശദമായ മാപ്പ് ചിത്രീകരിച്ചിരിക്കുന്ന ബോർഡുകൾ, ദീർഘദൂര പാതകളിൽ സഞ്ചാരികൾക്ക് വിശ്രമത്തിനും ഭക്ഷണത്തിനുമായി ക്യാമ്പ്സൈറ്റുകൾ, അടുത്ത ക്യാമ്പ് സൈറ്റ് എവിടെയാണ് എന്നതടക്കം അത്യാവശ്യം വിവരങ്ങൾ എല്ലാം നൽകുന്ന മൈൽകുറ്റികളും



ഹോളണ്ടിൽ നിന്നും ബെൽജിയത്തിലേക്കുള്ള സൈക്കിൾ പാത

സൈൻബോർഡുകളും ഇടവിട്ട്– ഇങ്ങനെ ഒട്ടേറെ സൗകര്യങ്ങൾ സർക്കാർ തന്നെ ഒരുക്കിയിട്ടുണ്ട്. ഡെച്ച് ക്യാമ്പ് സൈറ്റുകൾ എന്നറിയപ്പെടുന്ന സർക്കാർ ഇടത്താവളങ്ങളിൽ ടെന്റ് അടിച്ച് താമസിക്കാനുള്ള സൗകര്യവുമുണ്ട്. ചെറിയ ഭക്ഷണശാലകളും സൈക്കിൾ റിപ്പയർ ചെയ്യാനുള്ള സൗകര്യങ്ങളും ഇത്തരം ക്യാമ്പ് സൈറ്റുകളിലുണ്ട്. സൈക്കിൾ യാത്രക്കാരുടെ കൂട്ടങ്ങളെ തന്നെ ഇത്തരം ക്യാമ്പ് സൈറ്റുകളിൽ കാണാം. ഇതിന് പുറമേ ദീർഘദൂര സൈക്കിൾ പാതകൾ കടന്ന് ഗ്രാമങ്ങളിൽ കർഷകരും സൈക്കിൾ യാത്രക്കാർക്കായി ഭക്ഷണ – താമസ സൗകര്യങ്ങൾ നൽകുന്നു. സർക്കാർ വക ക്യാമ്പ് സൈറ്റുകളേക്കാൾ ചാർജ് കുറവാണ് കർഷകരുടെ സേവനങ്ങൾക്ക് എന്നതുകൊണ്ട് സൈക്കിൾ യാത്രക്കാരുടെ പ്രിയ സങ്കേതങ്ങളാണ് ഇത്തരം കർഷക ഭവനങ്ങൾ.

വഴിയിൽ സൈക്കിൾ നെറ്റ് വർക്കിങ്ങിന്റെ ഭാഗമായുള്ള സർക്കാർ വക ക്യാമ്പ് സൈറ്റ് കണ്ടപ്പോൾ ഞാനും അങ്ങോട്ട് കയറി. ടയറിൽ കുറച്ച് കാറ്റടിച്ച്, ഒരു ചായയൊക്കെ കുടിച്ച് പോകാമെന്ന് കരുതിയാണ് അങ്ങോട്ട് കയറിയത്. എന്നെ പോലെയുള്ള മൂന്ന് സൈക്കിൾ യാത്രക്കാർ ക്യാമ്പിലെ ചെറിയ കഫ്തീരിയയിൽ ഇരുന്ന് പെപ്സിയും മറ്റും കഴിക്കുന്നുണ്ട്. ഞാൻ അടുത്തേക്ക് ചെന്ന് അവരെ അഭിവാദ്യം ചെയ്തു. അവർ തിരിച്ചും. ജർമ്മൻകാരാണ്, ഹോളണ്ടിലെ തെക്കൻ പട്ടണമായ മാസ്ട്രിച്ചിലേക്കുള്ള സൈക്കിൾ യാത്രയിലാണ് അവർ. ബ്രസ്സൽസിലേക്കുള്ള സൈക്കിൾ യാത്രയാണ് എന്റേത് എന്ന് അറിഞ്ഞപ്പോൾ ഒറ്റക്കോ എന്ന് അവർ അത്ഭുതം കൂറി. ബെൽജിയത്തിൽ ഇന്ന് കാലാവസ്ഥ മോശമാണെന്നും അതിർത്തിയോട് അടുക്കുംതോറും കനത്ത മൂടൽ മഞ്ഞും തണുപ്പും ആയിരിക്കും എന്നും അവർ എനിക്ക് മുന്നറിയിപ്പ് തന്നു. ഹോളണ്ട് ബെൽജിയം അതിർത്തി പ്രദേശങ്ങളിൽ വലിയ കൃഷിസ്ഥലങ്ങളാണെന്നും അതിലൂടെ കടന്ന് പോകുന്ന വിജനമായ സൈക്കിൾ പാതയിലൂടെ മൂടൽ മഞ്ഞിൽ ഒറ്റക്ക് യാത്ര ചെയ്യുന്നത് അപകടമാണെന്നും അവർ പറഞ്ഞു. മാത്രമല്ല, ഞാൻ അവിടെ സൈക്കിൾ ചവുട്ടിയെത്തുമ്പോഴേക്കും രാത്രിയാകും, അതും അപകടസാദ്ധ്യത കൂട്ടുന്നു. നല്ല തെളിച്ചമുള്ള ഒരു ദിവസം ഏതെങ്കിലും സുഹൃത്തിനെയും കൂട്ടി അതിർത്തി സൈക്കിളിൽ കടക്കുന്നതാണ് നല്ലതെന്ന് അവർ ഉപദേശിച്ചു.

പക്ഷേ എനിക്ക് ബ്രസ്സൽസിലേക്ക് പോയേ തീരൂ. കാരണം നാളെ ഞാൻ ബ്രെച്ചിൽ നിന്ന് സൈക്കിളിൽ ബ്രസ്സൽസിൽ എത്തുമ്പോൾ നമിതയും കൂട്ടുകാരികളും അവിടെ കാത്തു നിൽപ്പുണ്ടാവും. സ്പാനിഷ് സംസാരിക്കുന്ന ലാറ്റിനമേരിക്കക്കാരായ രണ്ട് പെൺകുട്ടികളാണ് നമിതയുടെ കൂട്ടുകാരികൾ. ആർഎൻടിസിയിൽ നമിതയുടെ ക്ളാസ്സ്മേറ്റ്സ്. സൈക്കിൾ ബ്രസ്സൽസ് സെൻട്രൽ സ്റ്റേഷനിൽ വെച്ച്, ഒരു പകൽ മുഴുവൻ യൂറോപ്യൻ യൂണിയന്റെ തലസ്ഥാന നഗരിയിൽ കറങ്ങി നടക്കാനാണ് ഞങ്ങളുടെ പരിപാടി. തിരിച്ച് രാത്രിയിൽ അവരുടെയൊപ്പം ട്രെയിനിൽ ഹോളണ്ടിലേക്ക് മടക്കം. അതിനായി എനിക്കും സൈക്കിളിനും അടക്കമുള്ള ടിക്കറ്റ് അവർ ഇന്നലെ രാത്രി തന്നെ ബുക്ക് ചെയ്തിട്ടുണ്ട്. ഞാൻ ബ്രസ്സൽസിലുണ്ടാവും എന്ന ധൈര്യത്തിലാണ് അവർ അങ്ങോട്ട് വരുന്നത് തന്നെ.

ബ്രേഡ വരെ സൈക്കിളുമായി ട്രെയിനിൽ പോവുക. ബ്രേഡയിൽ നിന്ന് ബെൽജിയത്തിലെ അതിർത്തി പട്ടണമായ ഡെമോസ്റ്റനിലേക്ക് സൈക്കിളിൽ പോവുക. അങ്ങിനെയാകുമ്പോൾ ആകെ സൈക്കിൾ ചവിട്ടേണ്ടി വരിക 20-25 കിലോ മീറ്റർ മാത്രം. സൈക്കിളിൽ അതിർത്തി കടക്കുകയും ചെയ്യാം. ഇപ്പോൾ പുറപ്പെട്ടാൽ ഉച്ചയോടെ ട്രെയിനിൽ ബ്രേഡയിലെത്താം. മൂന്ന് മണിയാകുമ്പോഴേക്കും ഹോളണ്ട്-ബെൽജിയം അതിർത്തി കടന്ന് ഡെമോസ്റ്റനിൽ എത്താം. അവിടെ റെയിൽവേ സ്റ്റേഷനിൽ സൈക്കിൾ സൂക്ഷിക്കാൻ ഏൽപ്പിച്ച് അടുത്ത ട്രെയിനിൽ ബ്രസ്സൽസിലേക്ക് പോവുക. ഇപ്പോഴത്തെ കാലാവസ്ഥ അനുസരിച്ച് അഞ്ച് മണിയാകുമ്പോഴേക്കും ബ്രസ്സൽസ് മഞ്ഞുമഴയിൽ മൂടും. അതിന് മുൻപ് അവിടെയെത്തി സുരക്ഷിതമായ താമസസ്ഥലം കണ്ടുപിടിക്കാം. ഇതാണ് അവർ മുന്നോട്ടു

**സൈക്കിൾ ഒരു മരത്തിനോട് ചേർത്ത് വെച്ച് ഞാൻ വയലിനരികിലേക്ക് ചെന്ന് ഡെച്ച് ഭാഷയിൽ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. ബെൽജിയത്തിലേക്ക് ഇനി എത്ര ദൂരം ഉണ്ടെന്ന എന്റെ ഡച്ച് ഭാഷയിലുള്ള ചോദ്യം അദ്ദേഹത്തിന് മനസ്സിലായില്ല. ഞാൻ നിറുത്തി പറഞ്ഞ് ചോദ്യം ആവർത്തിച്ചു. ഇത് തന്നെ ബെൽജിയം, നിങ്ങൾ ഇപ്പോൾ നിൽക്കുന്നത് ബെൽജിയത്തിലാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി**

എങ്കിൽ പിന്നെ സൈക്കിളുമായി ബ്രസ്സൽസിലേക്ക് ട്രെയിൻ കയറുന്നതാവും നല്ലത് എന്നായി ജർമ്മൻ സുഹൃത്തുക്കൾ. പക്ഷേ സൈക്കിളിൽ അതിർത്തി കടക്കുക എന്ന മോഹം ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ലായിരുന്നു. അതോടെ സൈക്കിൾ യാത്രക്കാരുടെ സഹവർതിത്ത്വം വെടിഞ്ഞ് അവർ മൗനത്തിലാണ്ടു. അവരുടെ സുമനസ്സിന് നന്ദി പറഞ്ഞ് ഞാൻ പുറപ്പെടുകയും ചെയ്തു. ക്യാമ്പ് സൈറ്റിന്റെ കവാടം കടക്കുമ്പോഴേക്കും അവർ കയ്യടിച്ച് വിളിച്ചു. എങ്ങിനെയും എന്നെ സഹായിക്കണമെന്നുണ്ട് അവർക്ക് എന്ന് തോന്നുന്നു. കുറേക്കൂടി പ്രായോഗികമായ നിർദ്ദേശം ആണ് ഇത്തവണ അവർ മുന്നോട്ടുവെച്ചത്. അത് ഞാൻ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. ഇവിടെ നിന്ന് ഹോളണ്ടിലെ അതിർത്തി പട്ടണമായ

വെച്ച യാത്രാ പ്ലാൻ. ഈ ബുദ്ധി എനിക്ക് എന്തുകൊണ്ട് തോന്നിയില്ല എന്ന് ആലോചിച്ചതിനൊപ്പം സായിപ്പിന്റെ യാത്ര പരിപാടി തയ്യാറാക്കുന്നതിലെ മികവിനോട് ആദരവും തോന്നി.

വേഗം തന്നെ യൂട്രെക്ക് സ്റ്റേഷനിലേക്ക് സൈക്കിൾ ചവുട്ടി. എനിക്കും സൈക്കിളിനും ബ്രേഡയിലേക്കുള്ള ടിക്കറ്റ് മെഷീനിൽ നിന്ന് എടുത്തു. ആംസ്റ്റർഡാമിൽ നിന്ന് ബ്രസ്സൽസ് വഴി പാരിസ്സിലേക്ക് പോകുന്ന അന്താരാഷ്ട്ര റെയിൽപാത കടന്ന് പോകുന്നത് ബ്രേഡ വഴിയാണ്. അതുകൊണ്ട് തന്നെ യൂറോ റെയിലിന്റെയും താലീസിന്റെയും നിരവധി ട്രെയിനുകൾ ഈ വഴിക്ക് ഓടുന്നുണ്ട്. പക്ഷെ ഈ അന്താഷ്ട്ര ട്രെയിനുകളിൽ മിക്കതും ബ്രേഡയിൽ നിറുത്തില്ല. ഏത് ട്രെയിനാണ് ബ്രേഡയിൽ സ്റ്റോപ്പുള്ളത് എന്ന് കണ്ടുപിടിക്കാനും പ്രയാസം. അതുകൊണ്ട് ഞാൻ ഹോളണ്ടിന്റെ സ്വന്തം ട്രെയിൻ സർവ്വീസായ എൻഎസ്സിന്റെ ടിക്കറ്റാണ് എടുത്തത്. സ്റ്റോപ്പുകളുടെ എണ്ണം കൂടുതലായിരിക്കുമെങ്കിലും സൈക്കിളുമായി യാത്ര ചെയ്യാൻ ഹോളണ്ടിന്റ സ്വന്തം ട്രെയിനാണ് നല്ലതെന്ന് തോന്നി.

ട്രെയിനിൽ തീരെ തിരക്കില്ല. ആകെയുള്ള ആറ് കംപാർട്ടുമെന്റിലും കൂടി ഏറിയാൽ നൂറ് യാത്രക്കാർ മാത്രം. ഞാൻ കയറിയ, സൈക്കിൾ കയറ്റാവുന്ന കംപാർട്ട്മെന്റിലാണ് ഏറ്റവും തിരക്ക്. എന്നെ പോലെ സൈക്കിളുമായി കയറിയ പത്തിരുപത് പേരുണ്ട്. പന്ത്രണ്ട് മണിയായപ്പോഴേക്കും ബ്രേഡയിലെത്തി. കോട്ടയം പോലുള്ള ഒരു ഇടത്തരം കാർഷിക പട്ടണം. റെയിൽവേ സ്റ്റേഷനിലുള്ള ഭക്ഷണശാലയിൽ നിന്ന് ഭക്ഷണം കഴിച്ച് ഞാൻ പുറത്തേക്ക് ഇറങ്ങി. സെൻട്രത്തിൽ (നഗര ഹൃദയം) ബൽജിയത്തിലേക്ക് പോകുന്ന സൈക്കിൾ പാതയിലെത്താൻ ഏറെ ബുദ്ധിമുട്ടേണ്ടി വന്നില്ല. നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങൾ കഴിഞ്ഞതോടെ ഏതാനും വ്യവസായ ശാലകളുടെ പുകക്കുഴലുകളും കാറ്റാടി യന്ത്രങ്ങളും കണ്ടു. ചോളവും ഓട്ട്സും വിളയുന്ന പാടങ്ങളാണ് സൈക്കിൾ പാതയുടെ ഇരുവശവും. ഇടയ്ക്ക് പാടങ്ങളിൽ മേയാൻ വിട്ടിരിക്കുന്ന പശുക്കളുടെ കൂട്ടങ്ങളെ കണ്ടു. പാടത്ത് തന്നെ പ്രത്യേകം കമ്പിവേലി കെട്ടി തിരിച്ച സ്ഥലത്താണ് പശുക്കളെ മേയാൻ വിട്ടിരിക്കുന്നത്. ഇടയ്ക്ക് തുലിപ് പൂക്കളുടെ കൃഷിയിടവും കണ്ടു. സൈക്കിൾ പാതയുടെ ഏറെ അകലെയല്ലാതെ അന്തർദേശീയ ഹൈവേ കടന്നുപോകുന്നുണ്ട്. പക്ഷെ കാണാൻ കഴിയുന്നില്ല. വലിയ വാഹനങ്ങൾ കടന്നുപോകുന്ന ഇരമ്പൽ കേൾക്കാം. സൈക്കിൾ പാതയിലോ, പാടത്തോ ആരെയും കാണുന്നില്ല. ഉച്ചനേരമായതു കൊണ്ട് അത്യാവശ്യം വെയിലുണ്ട്. തണുപ്പ് ഇല്ല എന്ന് തന്നെ പറയാം. കാലാവസ്ഥ മോശമല്ല. ഇനി ബെൽജിയത്തിലേക്ക് കടക്കുമ്പോൾ കാലാവസ്ഥ എങ്ങിനെയിരിക്കും എന്നറിയില്ല.

ഒരു മണിക്കൂർ സൈക്കിൾ ചവുട്ടിയപ്പോഴേക്കും ഒരു മിനി ക്യാമ്പ് കണ്ടു. അതിന്റെ ഭാഗമായി ഒരു ചെറിയ ഭക്ഷണശാല ഉണ്ടെങ്കിലും തുറന്നിട്ടില്ല. ഗേറ്റ് തുറന്ന് വെച്ചിട്ടുണ്ടെങ്കിലും അവിടെയൊന്നും ആരെയും കണ്ടില്ല.

ബെൽജിയം ബോർഡറിലേക്ക് ഇനി അഞ്ച് കിലോ മീറ്റർ മാത്രമേ ഉള്ളൂ എന്ന് അവിടെ വെച്ചിരിക്കുന്ന മാപ്പിൽ നിന്ന് മനസ്സിലാക്കി. അതിർത്തിയിൽ ഇരു രാജ്യങ്ങളുടെയും പട്ടാളക്കാർ നിൽക്കുന്നുണ്ടാവും. അവരെ കാണിക്കാനായി ബാക്ക് പാക്കിൽ നിന്ന് വിസ പതിച്ച പാസ്പോർട്ട് എടുത്ത് ഷർട്ടിന്റെ പോക്കറ്റിൽ വെച്ചു. ഹോളണ്ടിൽ പഠിക്കാനുള്ള വിസയാണ് ഉള്ളത് എന്നതിനാൽ ബെൽജിയത്തിലേക്ക് കടക്കാൻ അവിടത്തെ പട്ടാളക്കാർ സമ്മതിച്ചില്ലെങ്കിലോ എന്ന ആശങ്കയോടെ ഞാൻ വേഗത്തിൽ സൈക്കിൾ ചവുട്ടി.

ചെറിയൊരു കാട്ടിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. എന്നാൽ വൃക്ഷങ്ങൾക്ക് ഇടയിലൂടെ ഇരുവശത്തെയും പാടങ്ങൾ കാണാം. കാട് കഴിഞ്ഞ് വീണ്ടും വയലുകളായി. കുറച്ച് കഴിഞ്ഞപ്പോൾ ഫോണിൽ ണിം എന്ന മണിനാദം കേട്ടു. ഏതോ എസ്എംഎസ് വന്നതാണ്. പിന്നെ നോക്കാം എന്ന് കരുതി സൈക്കിൾ ആഞ്ഞുചവുട്ടി. അരമണിക്കൂർ ചവിട്ടിയിട്ടും ഹോളണ്ടിനെയും ബെൽജിയത്തെയും വേർത്തിരിക്കുന്ന മുള്ളുവേലികളോ അതിർത്തിയിലെ പട്ടാള വിന്യാസമോ കണ്ടില്ല. ഇതുവരെയായിട്ടും അഞ്ച് കിലോ മീറ്റർ ആയില്ലേ എന്ന് സംശയിച്ചെങ്കിലും അതിർത്തി കാണാത്തതുകൊണ്ട് ആയിട്ടുണ്ടാകില്ല എന്ന് കരുതി. അല്പം കഴിഞ്ഞപ്പോൾ റോഡരികിലെ പാടത്ത് ട്രാക്ടറുമായി ഒരു കർഷകനെ കണ്ടു. ഇഞ്ചപുല്ലുപോലുള്ള എന്തോ ഒന്ന് ട്രാക്ടറിൽ നിറച്ച് കെട്ടുകയാണ് അയാൾ. സൈക്കിൾ ഒരു മരത്തിനോട് ചേർത്ത് വെച്ച് ഞാൻ വയലിനരികിലേക്ക് ചെന്ന് ഡെച്ച് ഭാഷയിൽ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. വിശാലമായി ചിരിച്ചുകൊണ്ടുള്ള പ്രത്യഭിവാദ്യം കണ്ടപ്പോൾ തന്നെ സമാധാനമായി. ബെൽജിയത്തിലേക്ക് ഇനി എത്ര ദൂരം ഉണ്ടെന്ന എന്റെ ഡച്ച് ഭാഷയിലുള്ള ചോദ്യം അദ്ദേഹത്തിന് മനസ്സിലായില്ല. ഞാൻ നിറുത്തി പറഞ്ഞ് ചോദ്യം ആവർത്തിച്ചു. ഇത് തന്നെ ബെൽജിയം, നിങ്ങൾ ഇപ്പോൾ നിൽക്കുന്നത് ബെൽജിയത്തിലാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "അപ്പോൾ ഹോളണ്ടോ ?" ഞാൻ അമ്പരപ്പോടെ ചോദിച്ചു. "തിരിച്ച് ഒരു അഞ്ച് മിനിറ്റ് സൈക്കിൾ ചവുട്ടിയാൽ ഹോളണ്ട് ആകും". ഞാൻ വന്ന വഴി കൈചൂണ്ടി അയാൾ പറഞ്ഞു. "ഹോസൽഡോനിക് ആണ് അവരുടെ അവസാന ഗ്രാമം."

"അപ്പോൾ അതിർത്തി വേലി, പട്ടാളക്കാർ, വിസ പരിശോധന ഇതൊന്നും ഇല്ലേ, ബെൽജിയത്തിലേക്ക് സ്വാഗതം എന്ന ബോർഡ് പോലും വെച്ചിട്ടില്ലല്ലോ?", എന്റെ അമ്പരപ്പ് മാറിയില്ല." ഷെങ്കൺ സോൺ നിലവിൽ വന്നതോടെ അതിർത്തികൾ ഇല്ലാതായി. ഓ, പിന്നെ ബെൽജിയത്തിലേക്ക് സ്വാഗതം എന്ന ബോർഡ് അവിടെ ഹൈവേയിൽ വെച്ചിട്ടുണ്ട്". ദൂരെക്ക് കൈകാണിച്ച് അയാൾ പറഞ്ഞു. അപ്പോൾ അതാണ് കാര്യം. 1985-ൽ ലെക്സംബർഗിലെ ഷെങ്കണിൽ വെച്ച് യൂറോപ്യൻ രാജ്യങ്ങൾ ഒപ്പുവെച്ച ഉടമ്പടി പ്രകാരം ഷെങ്കൺ സോൺ നിലവിൽ വന്നതോടെ രാജ്യങ്ങളുടെ അതിർത്തികളിൽ നിന്ന് വേലികൾ പൊളിച്ച് നീക്കി, അതിരുകാക്കുന്ന പട്ടാളക്കാരെയും പിൻവലിച്ചു. ഷെങ്കൺ സോണിലെ രാജ്യങ്ങളിലെ പൗരന്മാർക്ക് യഥേഷ്ട സഞ്ചാര സ്വാതന്ത്ര്യം ഉണ്ട്. ഏകീകൃത നികുതി സമ്പ്രദായമായതുകൊണ്ട് വാളയാറിൽ തമിഴ്നാട് കേരള അതിർത്തിയിൽ ഉള്ളതുപോലെ നികുതിപ്പിരിവും പരിശോധനയും ഇല്ല. അതിനായി യാത്രക്കാരെയും വാഹനങ്ങളെയും മണിക്കൂറുകളോളം തടഞ്ഞു നിറുത്തുന്ന ഏർപ്പാടും ഇല്ല. ഷെങ്കൺ സോണിലെ ഏതെങ്കിലും ഒരു രാജ്യത്ത് പ്രവേശിക്കാനുള്ള വിസ ഉണ്ടെങ്കിൽ സോണിൽ അംഗങ്ങളായ 26 രാജ്യങ്ങളിലും സഞ്ചരിക്കാം, താമസിക്കാം. യൂറോപ്യൻ യൂണിയനിലെ എല്ലാ രാജ്യങ്ങളും ഷെങ്കൺ സോണിൽ ഇല്ല. ഉദാഹരണത്തിന് ബ്രിട്ടൺ. എന്നാൽ യൂറോപ്യൻ യൂണിയനിലില്ലാത്ത സ്വിറ്റ്സർലാന്റ് ഷെങ്കണിൽ അംഗമാണ് താനും. അതുകൊണ്ട് വേണമെങ്കിൽ എനിക്ക് സ്വിറ്റ്സർലാന്റിലും പോകാം.

എനിക്ക് കടുത്ത ഇച്ഛാഭംഗം തോന്നി. വലിയ കാര്യത്തിൽ അതിർത്തി സൈക്കിളിൽ മറികടക്കുന്നത് ദിവസങ്ങളോളം സ്വപ്നം കണ്ട് നടന്നിട്ട്, സൈക്കിൾ ചവുട്ടി നീങ്ങുമ്പോൾ അതിർത്തി കടന്ന് പോയത് ഞാൻ അറിഞ്ഞതുപോലുമില്ല. അങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ. ആ കർഷകനോട് നന്ദി പറഞ്ഞ് ഞാൻ സൈക്കിളുമെടുത്ത് വന്ന വഴിക്ക് തന്നെ തിരിച്ചു ചവുട്ടി. ഹോളണ്ടും ബെൽജിയവും വേർതിരിയുന്നത് കണ്ടിട്ടുതന്നെ കാര്യം എന്ന മട്ടിൽ.

അല്പ ദൂരം ചെന്നപ്പോൾ ഫോണിൽ ണിം ശബ്ദം. വീണ്ടും എസ്.എം.എസ് വന്നിരിക്കുന്നു. ഇത്തവണ ഫോണെടുത്ത് നോക്കി. സ്ക്രീനിൽ സർവ്വീസ് പ്രൊവൈഡറായ ബെൽ കമ്പനിയുടെ മെസേജ് ആണ്. ഹോളണ്ടിലേക്ക് സ്വാഗതം. ഞാൻ കൃത്യമായി അതിർത്തി കടന്നിരിക്കുന്നു. രണ്ട് രാജ്യങ്ങളുടെ അതിർത്തി തിരിക്കുന്നത് ഈ ണിം നാദം മാത്രം. ഇത് രാജ്യാന്തര അതിർത്തിയാണ് എന്ന് സൂചിപ്പിക്കുന്ന മറ്റ് ഒന്നും അവിടെയില്ല. ഞാൻ സൈക്കിൾ വീണ്ടും ബെൽജിയത്തിലേക്ക് തിരിച്ചു. വീണ്ടും അതേ ണിം ശബ്ദം. വേഗം ഫോണെടുത്തു നോക്കി. ബെൽ കമ്പനിയുടെ മെസേജ് തന്നെ . ബെൽജിയത്തിലേക്ക് സ്വാഗതം. ഇപ്പോൾ നിങ്ങൾ ഇന്റർനാഷണൽ റോമിങ്ങിലാണ്. ഇപ്പോൾ മുതൽ ബെൽ ബെൽജിയമാണ് നിങ്ങൾക്ക് സർവ്വീസ് തരുന്നത് എന്നാണ് മെസ്സേജിന്റെ സാരാംശം. *(തുടരും)*

**കേരളീയം വരിസംഖ്യ**
**240 രൂപ**
**അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ
**എഴുതുക/വിളിക്കുക/അയക്കുക**

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com

books
magazines
periodicals

BYWORD
BOOKS

**marva plaza, machingal lane, m.g. road, thrissur**
**Tel. : 0487 3256689,Mob : 9847764577**